**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2953** — **28-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വഴി നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിലെ മണലൂർ, അരിമ്പൂർ, വെങ്കിടങ്ങ് പഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിന് കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | തൃശ്ശൂർ കോർപ്പറേഷനിൽ പല്ലിശ്ശേരിക്കുന്നിൽ 100 എം.എൽ.ഡി. വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറ്, 45 ദശലക്ഷം ശേഷിയുള്ള ഭൂതല ജലസംഭരണി, റോവാട്ടർ, ക്ലിയർവാട്ടർ പമ്പിംഗ് മെയിൻ, 530 HP VT 4 Nos. പമ്പ് സെറ്റ് മുതലായവ കിഫ്ബി ധനസഹായത്തോടെ സ്ഥാപിക്കുന്നതിന് 185.00 കോടിയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. 2018 SOR പ്രകാരം 222.97 കോടിയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിക്കുന്നതിനായി ഡി. ഇ. ആർ. കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്.<br><br>പാണഞ്ചേരി, പുത്തൂർ, മാടക്കത്തറ, നടത്തറ, പറപ്പൂക്കര, വല്ലച്ചിറ, ചേർപ്പ്, പാറളം, അവിണിശ്ശേരി, നെൻമണിക്കര, മണലൂർ, അരിമ്പൂർ, കോലഴി, മുളങ്കുന്നത്തുകാവ്, അവണൂർ, അടാട്ട്, വെങ്കിടങ്ങ് എന്നീ പഞ്ചായത്തുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ജല ജീവൻ മിഷൻ പദ്ധതിയിൽ കൈപ്പറമ്പ്, തോളൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലേക്ക് വേറെ കുടിവെള്ള സ്രോതസ്സുകൾ ഇല്ലാത്തതിനാൽ ഈ പഞ്ചായത്തുകൾ കൂടി കിഫ്ബി പദ്ധതിയിൽ പിന്നീട് കൂട്ടിച്ചേർത്തിട്ടുണ്ട്. |
| (ബി) | പത്തൊൻപത് പഞ്ചായത്തുകൾക്ക് പ്രയോജനകരമായ പ്രസ്തുത പദ്ധതിയുടെ പ്രധാന ജല സ്രോതസ്സ് ഏതാണെന്നും പദ്ധതിയുടെ ഭാഗമായി സർവ്വീസ് കണക്ഷനുകൾ നൽകുന്ന നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ; | (ബി) | ഈ സ്കീമിന്റെ പ്രധാന ജലസ്രോതസ്സ് കരുവന്നൂർ പുഴയിൽ വല്ലച്ചിറ പഞ്ചായത്തിലെ തിരുക്കുഴി എന്ന സ്ഥലത്താണ്. വിതരണ ശൃംഖലയും കണക്ഷനുകളും കൊടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ? | (സി) | കിഫ്ബിയിൽ നിന്നും പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിക്കുന്ന മുറക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി അവാർഡ് ചെയ്യുന്നതിനു |

| | | | |
|---|---|---|---|
| | | | ശേഷം 2 വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

| LA Question number 2953 - Details of Panchayaths / AS / FHTC / Status | | | | |
|---|---|---|---|---|
| **Sl No.** | **Name of panchayath** | **AS Amount in Lakhs** | **FHTC** | **Status of Distribution network and FHTC** |
| 1 | Avanur | 5481.59 | 4529 | Technical bid opened. To be submitted to CE for prequalification. |
| 2 | Kaiparamb | 5585.67 | 6121 | Tank site not confirmed. Conditional TS obtained. Work not tendered. |
| 3 | Nenmanikara | 3027 | 3012 | Technical bid opened. Submitted to CE for prequalification. |
| 4 | Pananchery | 10354.63 | 7169 | Technical bid opened. To be submitted to CE for prequalification. |
| 5 | Puthur | 11252.13 | 11233 | Technical bid opened. To be submitted to CE for prequalification. |
| 6 | Tholur | 5084.67 | 4088 | Agreement executed, work ongoing. |
| 7 | Avanissery | 2900 | 2713 | Tender cancelled due to court order. New estimate is under prepartion in PRICE 3.0 for new T.S. |
| 8 | Cherpu | 1100.18 | 3794 | Agreement executed, work ongoing. |
| 9 | Paralam | 4300 | 2883 | Agreement executed, work ongoing. |
| 10 | Vallachira | 1360 | 476 | Agreement executed, work ongoing. |
| 11 | Adat | 6000 | 5111 | Work order issued. |
| 12 | Kolazhy | 4484 | 5372 | 1225 FHTC arranged in Thrissur division office. Balance estimate is under preparation. |
| 13 | Mulamkunnathukavu | 3334 | 3406 | Finance bid opened. To be submitted to CE for approval. |
| 14 | Nadathara | 866 | 654 | Technical bid opened. To be submitted to CE for prequalification. |
| 15 | Arimpur | 5949 | 4733 | Agreement executed, work ongoing. |
| 16 | Manalur | 4782 | 3516 | Agreement executed, work ongoing. |
| 17 | Venkidangu | 3843 | 4784 | Agreement executed, work ongoing. |
| 18 | Parappukara | 7300 | 7163 | Agreement executed, work ongoing. |
| 19 | Madakathara | 7459.32 | 5664 | Agreement executed, work ongoing. |

Draft #1 of File KWA/JB/PIU2/AEE4/LA/17 (2953)/2023 Approved by Chief Engineer (Projects and Operations) on 25-Feb-2023 10:54 AM - Page 2